"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി - ജീവനക്കാര്യം - എറണാകുളം ജില്ലാ ഓഫീസിൽ 24.06.2022-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ആരോപണ വിധേയരായ ജിയോളജിസ്റ്റ് ശ്രീമതി.പ്രിയ മോഹൻ, പാർട്ട്ടൈം സ്വീപ്പർ ശ്രീമതി.തുളസി എന്നിവരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.601/2026/ID തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 23/09/2022-ലെ SC-13/2022/EKM നമ്പർ അന്വേഷണ റിപ്പോർട്ട്
2. 02/03/2024 തീയതിയിൽ ശ്രീമതി തുളസി, പാർട്ട് ടൈം സ്വീപ്പർ ലഭ്യമാക്കിയ വിശദീകരണം
3. 23/07/2024 തീയതിയിൽ ശ്രീമതി പ്രിയ മോഹൻ, ജിയോളജിസ്റ്റ് ലഭ്യമാക്കിയ വിശദീകരണം
4. മൈനിങ് & ജിയോളജി ഡയറക്ടർ 12/08/2024 തീയതി ലഭ്യമാക്കിയ 1017/2023/ഇ1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

എറണാകുളം ജില്ലാജിയോളജിസ്റ്റ്, മണ്ണ് നൈപുണ്യവുമായി ബന്ധപ്പെട്ട രേഖകൾ ബോധപൂർവ്വം മറച്ചുവയ്ക്കുന്നുവെന്നും, വ്യാജ റിപ്പോർട്ട് നൽകിയെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ മൈനിങ്ങ് & ജിയോളജി എറണാകുളം ജില്ലാ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ 24.06.2022-ൽ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച പരാമർശം(1) റിപ്പോർട്ടിൽ വകുപ്പിലെ ജിയോളജിസ്റ്റ് ശ്രീമതി.പ്രിയമോഹൻ, പാർട്ട്ടൈം സ്വീപ്പർ ശ്രീമതി.തുളസി എന്നിവർ തങ്ങളുടെ കൈവശമുള്ള തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതായും ശ്രീമതി തുളസി, അറ്റന്റൻസ് ബുക്കിൽ ഹാജർ രേഖപ്പെടുത്താതതായും കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും വകുപ്പ് മേലധികാരി മുഖേന വിശദീകരണം ആവശ്യപ്പെടാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. വിജിലൻസ് റിപ്പോർട്ടിലെ ശിപാർശ പ്രകാരം ആരോപണ വിധേയരായ ശ്രീമതി പ്രിയ മോഹൻ, സീനിയർ ജിയോളജിസ്റ്റ്, ശ്രീമതി തുളസി എന്നിവരിൽനിന്നും വിശദീകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പ് മേലധികാരിയ്ക്ക് നിർദ്ദേശം നൽകിയിരുന്നതിൽ മേൽ ജീവനക്കാരിൽ നിന്നുള്ള പരാമർശം(3), (4) വിശദീകരണങ്ങൾ സഹിതം മൈനിങ്ങ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. എല്ലാ ദിവസവും ഓഫീസിൽ എത്തിയാൽ ഉടൻതന്നെ ഹാജർ രേഖപ്പെടുത്തുകയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുകയും ചെയ്യാറുണ്ടെന്നും തലേ ദിവസം വരെ അത് ചെയ്തിരുന്നുവെന്നും എന്നാൽ വിജിലൻസ് പരിശോധന നടന്ന ദിവസം ഓഫീസിൽ എത്താൻ വൈകുകയും അന്വേഷണ ഉദ്യോഗസ്ഥരുടെ കൈവശമായിരുന്ന അറ്റന്റൻസ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവയിൽ അന്റൻസ് രജിസ്റ്റർ മാത്രം നൽകി ഒപ്പുരേഖപ്പെടുത്താൻ വിജിലൻസ് ഓഫീസർ ആവശ്യപ്പെട്ടുവെന്നതിനാലാണ് ഒപ്പുമാത്രം

രേഖപ്പെടുത്തുകയും കൈവശമുണ്ടായിരുന്ന പണം സംബന്ധിച്ച വിശദാംശങ്ങൾ ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താൻ സാധിക്കാതിരുന്നതെന്നും ശ്രീമതി.പ്രിയ മോഹൻ വിശദീകരണം നൽകിയിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി തുളസി 24.06.2022-ന് മുൻപുള്ള രണ്ടുദിവസം ഓഫീസിൽ ഹാജരാകതിരിക്കുകയും ലീവ് അപേക്ഷ സമർപ്പിക്കാതെയിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ടിയാളുടെ ലീവ് അറ്റൻൻസ് രജിസ്റ്ററിൽ അടയാളപ്പെടുത്താതിരുന്നതെന്നും, 24.06.2022-ന് തന്നെ ടിയാളിൽനിന്നു ലീവ് അപേക്ഷ വാങ്ങി അറ്റൻൻസ് രജിസ്റ്ററിൽ ചേർത്തതായും ഓഫീസ് മേധാവി എന്ന നിലയിൽ ശ്രീമതി പ്രിയ മോഹൻ വിശദീകരണം നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന സമയത്ത് അറ്റൻൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്താത്തതും, കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താത്തതും തന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും ആയത് മാപ്പാക്കിതരണമെന്നും ഇനിമേൽ ഈ തെറ്റ് ആവർത്തിക്കില്ലെന്നും പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി.തുളസിയും വിശദീകരണം നല്കിയിട്ടുണ്ട്.

4. മേൽ വിഷയത്തിൽ ശ്രീമതി പ്രിയ മോഹൻ, ജിയോളജിസ്റ്റിന്റേയും ശ്രീമതി തുളസി പാർട്ട് ടൈം സ്വീപ്പറുടേയും വിശദീകരണങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം മൈനിങ് & ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം മൈനിങ് & ജിയോളജി ജില്ലാ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ 24.06.2022-ൽ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച പരാമർശം(1) അന്വേഷണ റിപ്പോർട്ടിൽ ആരോപണ വിധേയരായിരുന്ന ജിയോളജിസ്റ്റ് ശ്രീമതി പ്രിയ മോഹൻ, പാർട്ട് ടൈം സ്വീപ്പർ ശ്രീമതി തുളസി എന്നിവരെ പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദീകരണങ്ങളുടേയും മൈനിങ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൈനിങ് & ജിയോളജി, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ശ്രീമതി പ്രിയ മോഹൻ, ജിയോളജിസ്റ്റ് (ഡയറക്ടർ, മൈനിങ് & ജിയോളജി മുഖേനെ)
ശ്രീമതി തുളസി, പാർട്ട് ടൈം സ്വീപ്പർ (ഡയറക്ടർ, മൈനിങ് & ജിയോളജി മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, എ&ഇ, തിരുവനന്തപുരം
വിജിലൻസ് (ബി) വകുപ്പ് (VIG-B1/346/2022-VIG പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപി

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 25-05-2026 16:09:53